## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3012** — **21.6.2013-ൽ മറുപടിക്ക്**

### മുനിസിപ്പാലിറ്റികളുടെ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>,, എ.റ്റി. ജോർജ്<br>,, വി.റ്റി. ബൽറാം<br>,, കെ. ശിവദാസൻ നായർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളേയും ഉൾപ്പെടുത്തി ബൃഹത്തായ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഈ പദ്ധതി യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) മുനിസിപ്പാലിറ്റികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പെർഫോമൻസ് ഗ്രാന്റ് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. |
| സി) ഏതെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്കു ലഭിക്കുന്നത് ; വിശദമാക്കുമോ ; | സി) ലോകബാങ്കിന്റെ സഹായത്തോടെയാണ് മുനിസിപ്പാലിറ്റികളിൽ ഈ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാന ധനകാര്യകമ്മിഷൻ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം ഓരോ വർഷവും ഒറ്റത്തവണയായി പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നു. കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടർ ഇതിന്റെ നടത്തിപ്പ് ചുമതല വഹിക്കുന്നു. |
| ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) അടങ്കൽ തുക 142.14 കോടി രൂപയാണ്. കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികൾക്കുമായി 2011-2015 വരെയുള്ള പദ്ധതി കാലയളവിൽ 142.14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ |

വാർഷികപ്രവർത്തന അവലോകന വിലയിരുത്തൽ പ്രകാരമായിരിക്കും പെർഫോമൻസ് ഗ്രാന്റിന് അർഹതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുക അതായത് പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് വ്യക്തമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ ഭാഗമായി മുൻവർഷങ്ങളിലെ പ്രസ്തുത ഗ്രാന്റ് വിനിയോഗത്തിലെ ചില ഘടകങ്ങളെ അടിസ്ഥാനമാക്കുന്നു. അവ താഴെ കൊടുക്കുന്നു.

1. ആസൂത്രണവും ബജറ്റ് തയ്യാറാക്കലും
2. പദ്ധതി നിർവ്വഹണവും സേവനപ്രദാനവും
3. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ആഡിറ്റിംഗ്
4. സുതാര്യത, അക്കൗണ്ടബിലിറ്റി.

സെക്ഷൻ ഓഫീസർ